(സി) ഇത് സംബന്ധിച്ച് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കത്ത് അയച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) തീരദേശ നിയന്ത്രണ വിജ്ഞാപനം നടപ്പിലാക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും, ഇളവുകൾ നൽകുന്നതിനും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും പ്രത്യേകിച്ച് ഉത്തരവുകളൊന്നും ഇതുവരെയും ലഭിച്ചിട്ടില്ല.

ഇക്കാര്യത്തിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 10-2-2013, 24-7-2014, 16-10-2014 തീയതിയിലെ കത്ത് മുഖാന്തിരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. തുടർന്ന് തീരദേശ പരിപാലന വിജ്ഞാപനത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുമ്പോൾ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പഠിച്ച് ശിപാർശ സമർപ്പിക്കുവാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച വിദഗ്ധ സമിതി കേരളം സന്ദർശിക്കുകയും സംസ്ഥാന മുഖ്യമന്ത്രി, ഇതര മന്ത്രിസഭാംഗങ്ങൾ, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുമായി തിരുവനന്തപുരത്ത് വച്ച് 22-8-2014-ൽ ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ചർച്ചയിൽ സംസ്ഥാനത്തെ ജനങ്ങളെയും വികസനത്തെയും പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകളിന്മേൽ ഇളവ് വേണമെന്നുള്ള കാര്യം വിദഗ്ധ സമിതിയെ ബോദ്ധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ച് 16-10-2014-ൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി നേരിട്ട് നിവേദനവും നൽകിയിട്ടുണ്ട്. ഇതിന്മേലുള്ള തീരുമാനങ്ങളൊന്നും കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടില്ല.

അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിന് നടപടി

18 (18) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധികാര വികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കുന്നതിനും മേൽത്തട്ടിലെ അധികാരം താഴേത്തട്ടിലേയ്ക്ക് കൈമാറുന്നതിനും കൂടുതൽ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സെക്രട്ടേറിയറ്റിൽ ഫയലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങൾ കൈമാറി, സെക്രട്ടേറിയറ്റിൽനിന്നും വകുപ്പുകളുടെ ആസ്ഥാനത്തുനിന്നും ഉദ്യോഗസ്ഥരെ പുനർവിന്യസിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

617/19

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ &ബി) ഇപ്പോൾ പരിഗണനയിലില്ല.

ഭരണരീതി സംബന്ധിച്ച് യു.എൻ.ഡി.പി.യുടെ അഭിപ്രായങ്ങൾ

19 (19) ശ്രീ. വർക്കല കഹാർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളെ നേരിൽകണ്ട് അവരുടെ പ്രയാസങ്ങൾ പരിഹരിക്കുകയും അവരിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുകയും ചെയ്യുന്ന സംസ്ഥാനത്തെ ഭരണരീതിക്ക് ഐക്യരാഷ്ട്ര സഭയുടെ പുരസ്കാരം ലഭിച്ചിട്ടുണ്ടോ ;

(ബി) ആയത് സംബന്ധിച്ച് യു.എൻ.ഡി.പി.യുടെ അഭിപ്രായങ്ങൾ എന്തെല്ലാമായിരുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഭരണരീതി പഠനവിധേയമാക്കുവാൻ യു.എൻ.ഡി.പി. തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഇ-ഗവേണൻസിലൂടെയും വെബ് ടെലികാസ്റ്റിങ്ങിലൂടെയും 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്ററിലൂടെയും സുതാര്യമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ജനങ്ങളുമായി നേരിട്ട് ബന്ധപ്പെട്ട നടത്തിയ ജനസമ്പർക്ക പരിപാടിയെക്കുറിച്ചും യു.എൻ.ഡി.പി.യുടെ ഡെമോക്രാറ്റിക് ഗവേണൻസ് ഗ്രൂപ്പിന്റെ ഡയറക്ടർ മതിപ്പ് രേഖപ്പെടുത്തുകയും ഈ നൂതന രീതി ആഫ്രിക്കയിലേയും ഏഷ്യയിലേയും ലാറ്റിൻ അമേരിക്കയിലെയും മറ്റ് രാജ്യങ്ങൾ പഠിക്കേണ്ടതുണ്ടെന്നും അഭിപ്രായപ്പെടുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാന സർക്കാർ സർവ്വീസിലെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള നടപടികൾ-സംബന്ധിച്ച്

20 (20) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly